"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ 3 ടൺ ഫോർക്ക് ലിഫ്റ്റ്ട്രക്കിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 5 വർഷത്തെ AMC കരാർ - പുതുക്കിയ ഭരണാനുമതി അനുവദിച്ചുത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.37/2026/F&P തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-
1. 9/12/2024 ലെ സ.ഉ (സാധാ) 861/2024/മതുവ.
2. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/12/2025 ലെ HOKMB-TVM/1658/2024-D1 (Tech) നമ്പർ കത്ത്.

**ഉത്തരവ്**

ബേപ്പൂർ തുഖമുത്തെ ഫോർക്ക് ലിഫ്റ്റ് ട്രക്കിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 5 വർഷത്തെ എ എം സി കരാർ പുതുക്കുന്നതിന് 1,07,581/- രൂപയ്ക്കുള്ള ഭരണാനുമതി പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു.

2) ഫോർക്ക് ലിഫ്റ്റ് വിതരണം ചെയ്ത M/s Kiyon India Pvt Ltd, Pune എന്ന സ്ഥാപനത്തിന്റെ അംഗീകൃത സ്ഥാപനമായ M/s Squaretech Equipment Ltd, Muvatupuzha എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിലേക്കായുള്ള നടപടികൾ സ്വീകരിക്കവെ മേൽ അംഗീകൃത സ്ഥാപനത്തെ മാറ്റി പുതിയ സ്ഥാപനമായി M/s Shrivenkatesha Heavy Equipments, Kochi യെയാണ് ചുമതലപ്പെടുത്തിയത് എന്നും ഫോർക്ക് ലിഫ്റ്റ് വിതരണം ചെയ്ത സ്ഥാപനം അറിയിക്കുകയുണ്ടായി. M/s Shrivenkatesha Heavy Equipments, Kochi എന്ന പുതിയ സ്ഥാപനത്തിന്റെ എ.എം.സി ഓഫർ 1,15,262/-(ഒരു ലക്ഷത്തി പതിനയ്യായിരത്തി ഇരുന്നൂറ്റി അറുപത്തിരണ്ട്) രൂപയുടെതായിരുന്നു (ജി.എസ്.ടി ഉൾപ്പടെ). തുടർന്ന് നടത്തിയ ആശയവിനിമയങ്ങളുടേയും മീറ്റിങ്ങുകളുടെയും അടിസ്ഥാനത്തിൽ ഈ സ്ഥാപനം 1,10,758/-(ഒരു ലക്ഷത്തി പതിനായിരത്തി എഴുന്നൂറ്റി അൻപത്തിയെട്ട്) രൂപയുടെ (ജി.എസ്.ടി ഉൾപ്പടെ) പുതുക്കിയ എ.എം.സി ഓഫർ സമർപ്പിച്ചിരിക്കുന്നതായി ബേപ്പൂർ തുറമുഖത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ടെന്നും നിലവിലെ AMC കരാർ

കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഫോർക്ക് ലിഫ്റ്റ് വിതരണം ചെയ്ത M/s Kiyon India Pvt Ltd, Pune എന്ന സ്ഥാപനമാണ് M/s Shrivenkatesha Heavy Equipments, Kochi എന്ന സ്ഥാപനത്തിന്റെ എ.എം.സി ഓഫർ ലഭ്യമാക്കിയിരിക്കുന്നത് എന്നതിനാൽ ഈ സ്ഥപനം അംഗീകൃതമായ ഒന്നാണെന്നും സങ്കീർണ്ണമായ മെഷീനറികൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവക്ക് കരാറിൽ ഏർപ്പെടണമെന്ന് PWD മാന്വൽ 2915.2 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബേപ്പൂർ തുറമുഖത്തെ 3 ടൺ ഫോർക്ക് ലിഫ്റ്റ് ട്രക്കിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായി അടുത്ത 5 വർഷത്തേക്കുള്ള AMC കരാർ പുതുക്കുന്നതിന് Shrivenkatesha Heavy Equipments, Kochi എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമായ 1,10,758./- രൂപയുടെ (ജി.എസ്.ടി ഉൾപ്പടെ) എ.എം.സി ഓഫർ അംഗീകരിച്ച് ആയതിന്റെ ഭരണാനുമതി 5051- 80-800-98-Augmentation of Workshop and Stores Organisation 19 Machineries and Equipments"" എന്ന ശീർഷകത്തിൽ പുതുക്കി നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കേരള മാരിടൈം ബോർഡ് സി.ഇ.ഒ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാരിടൈം ബോർഡ് സി.ഇ.ഒയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബേപ്പൂർ തുറമുഖത്തെ 3 ടൺ ഫോർക്ക് ലിഫ്റ്റ് ട്രക്കിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായി അടുത്ത 5 വർഷത്തേക്കുള്ള AMC കരാർ പുതുക്കുന്നതിന് Shrivenkatesha Heavy Equipments, Kochi എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമായ 1,10,758./- രൂപയുടെ (ജി.എസ്.ടി ഉൾപ്പടെ) എ.എം.സി ഓഫർ അംഗീകരിച്ച് 5051- 80-800-98-Augmentation of Workshop and Stores Organisation 19 Machineries and Equipments"" എന്ന ശീർഷകത്തിൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shajish P
Date: 14-01-2026 11:01:25

സെക്ഷൻ ഓഫീസർ